ശ്രീ. ബെന്നി ബെഹനാൻ : സർ, ഇന്ന് സോഷ്യൽ മീഡിയ വളരെ പവർ ഫുള്ളാണ്. എന്നാൽ അത് വളരെയധികം ദുർവിനിയോഗം ചെയ്യപ്പെടുന്നുണ്ട്. ഉദാഹരണമായി വെബ്സൈറ്റ് ഹാക്കിംഗ്, നെറ്റുവഴിയുള്ള ബ്ലാക്ക്മെയിൽ, ക്രെഡിറ്റ് കാർഡ് വഴിയുള്ള തട്ടിപ്പ്, എസ്.എം.എസ്. വഴിയുള്ള അപകീർത്തിപ്പെടുത്തൽ. സംസ്ഥാന തലത്തിൽ മാത്രമല്ല ദേശീയതലത്തിലും ഡിപ്ലോമാറ്റിക് ചാനൽ മുഖേന ഇത് ശ്രദ്ധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; അന്തർദേശീയ സേവനദാതാക്കൾക്ക് മ്യൂച്വൽ അസിസ്റ്റന്റ്സ് ട്രീറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇതിനുവേണ്ട നിയമനിർമ്മാണം നടപ്പാക്കിയിട്ടുണ്ടോ ; സൈബർ പോലീസ് സ്റ്റേഷൻ തൃക്കാക്കരയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇപ്പോൾ തിരുവന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷനുണ്ട്. അടുത്തത് എറണാകുളത്തെ തൃക്കാക്കരയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പല സൈബർ കുറ്റകൃത്യങ്ങൾക്കും ആവശ്യമായ വിവരം അന്തർദ്ദേശീയ സേവനദാതാക്കളിൽനിന്നും ലഭിക്കാറില്ല. ഇന്ത്യക്ക് വെളിയിൽവച്ചുനടക്കുന്ന സൈബർ കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ ലഭ്യമാകുന്നതിന് അന്തർദ്ദേശീയ സേവനദാതാക്കൾ മ്യൂച്വൽ ലീഗൽ അസിസ്റ്റന്റ് ട്രീറ്റി ആവശ്യപ്പെടാറുണ്ട്. അത് ദേശീയതലത്തിൽ കേന്ദ്രഗവൺമെന്റ് തന്നെ മറ്റ് രാജ്യങ്ങളുമായി ഡിപ്ലോമാറ്റിക് ചാനലിലൂടെ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യമാണ്. ഇതുസംബന്ധിച്ച് പാർലമെന്റിൽ ഒരു നിയമം പാസ്സാക്കേണ്ടിയിരിക്കുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയാനുള്ള സമഗ്രമായ ഒരു നിയമമാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. ഇക്കാര്യത്തിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തടവുകാർക്കുള്ള തൊഴിൽ പരിശീലനം

4 (*574) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് അനുയോജ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ശിക്ഷാ തടവുകാർക്ക് ജയിലുകളിൽ എന്തെല്ലാം തൊഴിലുകളാണിപ്പോൾ നൽകിവരുന്നത് ; അവർക്ക് വായനയ്ക്കും വിനോദത്തിനും തുടർ വിദ്യാഭ്യാസത്തിനുമുള്ള സൗകര്യങ്ങൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശീലന പദ്ധതികൾക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്താവുന്ന നിലയിൽ അവരെ തൊഴിലുകളിൽ പ്രാപ്തമാക്കാൻ നടപടി കൈക്കൊള്ളുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ & ബി) സംസ്ഥാനത്തെ വിവിധ ജയിലുകളിലെ തടവുകാർക്ക് അനുയോജ്യമായ തരത്തിൽ, അവരുടെ ശാരീരികവും മാനസികവുമായ വികാസത്തിനുവേണ്ടി വിവിധ തൊഴിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു. ജയിലുകളിലെ തടവുകാർക്കുവേണ്ടി നിലവിൽ താഴെപ്പറയുന്ന തൊഴിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു.

(1) കാർപെന്ററി (2) വീവിംഗ് (3) മേസ്നറി പരിശീലനം (4) കൃഷിപ്പണികൾ (5) റബ്ബർ ടാപ്പിംഗ് (6) ഡയറി ഫാം (7) ഇഷ്ടിക നിർമ്മാണം/ഹോളോ ബ്രിക്സ് (8) ചെങ്കല്ല്വെട്ട് (9) ഭക്ഷ്യവസ്തുക്കളുടെ വിപണനാടിസ്ഥാനത്തിലുള്ള ഉത്പാദനം (10) സ്മിത്തി പരിശീലനം (11) വനിതാ തടവുകാർക്ക് ആഭരണ നിർമ്മാണത്തിലുള്ള പരിശീലനം (12) കൂൺ കൃഷിയിൽ പരിശീലനം (13) പന്നി വളർത്തൽ (14) കോഴി വളർത്തൽ (15) കമ്പ്യൂട്ടർ പരിശീലനം (16) ടെയിലറിംഗ് (17) മത്സ്യകൃഷി (18) കരകൗശല വസ്തുക്കളുടെ നിർമ്മാണം (19) തേനീച്ച വളർത്തൽ, കൂടാതെ സോപ്പു നിർമ്മാണം, എംബ്രോയിഡറി, ഫാബ്രിക് പെയിന്റിംഗ് എന്നിവയിലും പരിശീലനം നൽകി വരുന്നു.

തടവുകാരിൽ വായനാശീലം ഉണ്ടാക്കുന്നതിനും മാനസിക ഉന്നമനത്തിനുമായി എല്ലാ ജയിലുകളിലും ലൈബ്രറികൾ സ്ഥാപിച്ചിട്ടുണ്ട്. വായനശീലം വളർത്തുന്നതിനും വായനയിൽ തൽപ്പരരായ തടവുകാർക്ക് അറിവ് വർദ്ധിപ്പിക്കുന്നതിനും ജയിൽ ഗ്രന്ഥശാലകൾ വളരെയേറെ പ്രയോജനപ്പെടുന്നു. അക്ഷരാഭ്യാസം ഇല്ലാത്ത തടവുകാരെ സാക്ഷരരാക്കുന്നതിന്, സാക്ഷരതാ മിഷന്റെയും മറ്റും പ്രവർത്തനങ്ങൾ ജയിലുകളിൽ നടത്തിവരുന്നു.

വിനോദത്തിനായി ടെലിവിഷൻ പരിപാടികൾ കാണുന്നതിനും, എഫ്.എം. റേഡിയോ പരിപാടികൾ ശ്രവിക്കുന്നതിനും, കാരംബോർഡ്, ചെസ്സ്, വോളീബോൾ എന്നീ കളികളിൽ ഏർപ്പെടുന്നതിനും ഉള്ള സൗകര്യം ജയിലുകളിൽ നൽകിവരുന്നു. കൂടാതെ 'തടവുകാരുടെ ക്ഷേമം' പദ്ധതി പ്രകാരം സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നു. എല്ലാ വർഷവും തടവുകാരുടെ കലാ-കായിക മത്സരങ്ങൾ നടത്തിവരുന്നു.

ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന തടവുകാർക്കുവേണ്ടി ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിന്റെ പ്രവർത്തനവും സെൻട്രൽ ജയിലുകളിലും തുറന്ന ജയിലുകളിലും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വീകരിച്ചുവരുന്നു

(ഡി) നിലവിൽ നൽകിവരുന്ന പല തൊഴിൽ പരിശീലന പരിപാടികളും ജയിൽ മോചനത്തിനുശേഷം, ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുന്നതിന് പ്രയോജനപ്പെടുന്നവയാണ്.

ട്രോളിംഗ് നിരോധനം

5 (*575) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധന സമ്പ്രദായം എന്നുമുതലാണ് ആരംഭിച്ചത് ; ട്രോളിംഗ് നിരോധനം കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടും മത്സ്യസമ്പത്തിൽ വൻകുറവ് വന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) മത്സ്യബന്ധനനയം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ട്രോളിംഗ് നിരോധന സമ്പ്രദായം ആരംഭിച്ചത് 1988 മുതലാണ്. മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ ജൂലൈ മാസങ്ങളിൽ (മൺസൂൺ കാലം) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുകവഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്നതാണ് ട്രോളിംഗ് നിരോധനത്തിന്റെ ഏറ്റവും പ്രധാന ഉദ്ദേശലക്ഷ്യം. അമിത മത്സ്യചൂഷണം ഒഴിവാക്കുക, മത്സ്യബന്ധന മേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തുക, മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുക എന്നത് കൂടിയാണ് ട്രോളിംഗ് നിരോധനം കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) 1961 മുതൽ 2012 വരെയുള്ള 52 വർഷത്തെ കടൽ മത്സ്യബന്ധന ഉൽപ്പാദനത്തിന്റെ സ്ഥിതിവിവര കണക്കുകൾ പഠന വിധേയമാക്കിയതിൽ ട്രോളിംഗ് നിരോധനം ആരംഭിക്കുന്നതിന് മുമ്പുള്ള 28 വർഷത്തെയും നിരോധനം ആരംഭിച്ച ശേഷമുള്ള 24 വർഷത്തെയും സ്ഥിതിവിവര കണക്കുകൾ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കി. ഈ പരിശോധനയിൽ വ്യക്തമാകുന്നത് ട്രോളിംഗ് നിരോധനം തീരക്കടൽ മത്സ്യ സമ്പത്തിന്റെ നിലനിൽപ്പിന് ഗുണകരമാണെന്നാണ്. പക്ഷേ ഈ ഗുണഫലം 2000 വരെ മാത്രമേ പ്രകടമായി കാണുന്നുള്ളൂ എന്നും 2000-നുശേഷം ഗുണഫലം സുസ്ഥിരമായി കാണുന്നില്ല എന്നും കമ്മിറ്റി കണ്ടെത്തുകയുണ്ടായി. ട്രോളിംഗ്

LIBRARY ARCHIVES Kerala Legislative Assembly